**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2322 **17.08.2017**-ലെ മറുപടിക്ക്

<u>അംബേദ്കർ ഗ്രാമ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം 1 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക വേണ്ടി കോതമംഗലം മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ കോതമംഗലം മണ്ഡലത്തിൽ നിന്നും ആദ്യ ഘട്ടത്തിൽ കോട്ടപ്പടി ഗ്രാമ പഞ്ചായത്തിലെ മുഞ്ഞർ കോളനിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. രണ്ടാമതായി ബഹു.എം.എൽ.എ. ശുപാർശ ചെയ്ത കീരമ്പാറ ഗ്രാമപഞ്ചായത്തിലെ ഏറുപുരം കോളനിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ കോളനികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളത്; | (ബി) | മുഞ്ഞർ കോളനിയെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വികസന പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കോളനികളുടെ നവീകരണ പ്രവർത്തനം ഏതെങ്കിലും ഏജൻസിവഴിയാണോ നടത്തുന്നത്; എങ്കിൽ ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ; | (സി) | ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് അംബേദ്കർ ഗ്രാമ വികസന പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം ബഹു.എം.എൽ.എ. നിർദ്ദേശിക്കുന്നതനുസരിച്ച് മറ്റ് സർക്കാർ ഏജൻസികളെ പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കോളനികളിൽ നടത്തേണ്ട നവീകരണ പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | രൂപരേഖ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ